LIBRARY ARCHIVES Kerala Legislative Assembly

## കണ്ടൽക്കാടുകൾ വളർത്തുന്നതിനുള്ള നടപടി

91 [T 1809] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര ഏക്കർ സ്ഥലത്ത് കണ്ടൽക്കാടുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ടൽക്കാടുകൾ വളർത്താനും സംരക്ഷിക്കാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) കണ്ടൽക്കാടുകൾ ഒരു പരിധിവരെ സുനാമിയെ പ്രതിരോധിക്കും എന്നുള്ള വിദഗ്ദ്ധരുടെ അഭിപ്രായത്തെ മാനിച്ച് കടലോരങ്ങളിൽ കണ്ടൽക്കാടുകൾ വളർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) കേരളത്തിൽ 1782.78 ഹെക്ടർ സ്ഥലത്ത് കണ്ടൽക്കാടുകൾ ഉള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ബി) കേരളത്തിലെ കണ്ടൽക്കാടുകളെക്കുറിച്ച് പഠനം നടത്തി ഒരു കർമ്മ പരിപാടി തയ്യാറാക്കുന്നുണ്ട്. ഇതിൽ നിലവിലുള്ള കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പുതിയവ നട്ടുവളർത്തുന്നതിനും ഉള്ള പദ്ധതികളും ഉൾപ്പെടുന്നുണ്ട്.

(സി) കണ്ടൽക്കാടുകൾ സുനാമി പോലുള്ള പ്രകൃതി ദുരന്തങ്ങളെ പ്രതിരോധിക്കാൻ സാധിക്കുമെന്നുള്ള അഭിപ്രായം കണക്കിലെടുത്ത് കടലോരങ്ങളിൽ നിലവിലുള്ള കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പുതിയവ നട്ടുവളർത്തുന്നതിനും വേണ്ടി ഒരു പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. 55 കോടി രൂപയുടെ ഈ പദ്ധതിക്ക് അനുമതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

## ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികളും വനസംരക്ഷണ സമിതിയും

92 [T 1810] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരിയാർ ടൈഗർ റിസർവിന്റെ സംരക്ഷണത്തിൽ പെരിയാർ ഫൗണ്ടേഷൻ എന്ത് പങ്കാണ് വഹിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ മറ്റു വന്യജീവിസങ്കേതങ്ങളിൽ ഇത്തരം ഫൗണ്ടേഷനുകൾ രൂപീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇക്കോ ഡവലപ്പ്മെന്റ് കമ്മിറ്റികൾക്ക് ശബരിമല തീർത്ഥാടനകാലത്ത്, ഏതൊക്കെ പ്രദേശങ്ങളിലാണ് കച്ചവടം നടത്തുവാൻ അനുമതി നൽകുന്നതെന്നും വനസംരക്ഷണത്തിനായി പ്രവർത്തിക്കുന്ന എത്ര നാട്ടുകാർക്ക് ഈ കടകൾമൂലം തൊഴിൽ ലഭ്യമായെന്നും വിശദമാക്കുമോ;